


# അനുബന്ധം
# വഞ്ചിപ്പാട്ടുകൾ


| | പേജ് |
|---|---|
| മലങ്കര സുറിയാനി സഭാചരിത്ര സംഗ്രഹം | 182 |
| വെച്ചുവലിപ്പാട്ട് | 184 |
| വട്ടക്കളത്തിൽ യൗസേപ്പു മല്പാനച്ചനെക്കുറിച്ച് | 185 |
| മാത്തൂത്തരകനെക്കുറിച്ച് | 188 |
| ബാലായുള്ള വട്ടക്കളി | 190 |
| ഒരുപദേശം വട്ടക്കളി | 192 |
| വാടിമാനം വട്ടക്കളി | 193 |
| എട്ടുത്തിര വട്ടക്കളി | 194 |
| മറിയനിരീസായുടെ സ്തുതിപ്പ് | 194 |
| | 197 |

# അനുബന്ധം

# വഞ്ചിപ്പാട്ടുകൾ

## 1 മലങ്കര സുറിയാനി സഭാചരിത്ര സംഗ്രഹം *

ചെമ്മേ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
മുംമൂർത്തിയാമേക ദൈവം തുണച്ചീടേണം
ജന്മപാപമേശിടാതെ ജന്മമാർന്നോരമ്മേ! നിത്യ-
മെന്മനസ്സിൽ വന്നയേ! നീ വിളങ്ങീടേണം
സത്യദൈവാത്മജൻ തന്റെ വളർത്തച്ഛനാകും പരി-
ശുദ്ധനൌസേപ്പെന്നെ നിത്യം കാത്തുകൊള്ളേണം,
മാമക മാലാഖായേ! നിൻ മദ്ധ്യസ്ഥതയിരന്നു ഞാൻ
സാമോദം സൽകൃതിയൊന്നു തുടങ്ങീടുന്നേൻ
ആദിമാതാ പിതാക്കളാമാദമവ്വായിവർ മൂലം
ജാതമായ ദോഷം തീർപ്പാൻ ജാതനായീശൻ
മുപ്പതും പിന്നൊരു മൂന്നും വത്സരം തൻ ജോലിഭൂമൗ
കെൽപ്പൊടു ചെയ്തിട്ടു പിന്നെ ദൈവനന്ദനൻ
കഷ്ടതയാ ജീവൻ  വിട്ടു, ദുഷ്ടനായ പിശാചിന്റെ
പാട്ടിൽപ്പെട്ട മനുജരംപ്പാലനം ചെയ്തു.
തന്നുടെ കാലാന്തരം തൻ സഭയെപ്പരത്തുവാൻ
തന്നുടെ ശിഷ്യഗണത്തേ താൻ നിയോഗിച്ചു
ചന്തമോടാനിശ്ചയത്തിൻ ശുദ്ധനാം മാർതോമ്മാശ്ലീഹാ
ഇൻഡ്യയുടെ പ്രേഷകനായ് വിധിക്കപ്പെട്ടു
അൻപത്തിരണ്ടായ ക്രിസ്തു വർഷമതിൽ ക്രിസ്തുശിഷ്യ-
നൻപൊത്തിക്കേരളമാകും രാജ്യത്തിലെത്തി
ക്രിസ്തുവേദം നാടുതോറും പ്രസംഗിച്ചു വിപ്രരാദി-
മർത്ത്യരേയൊട്ടനേകം തൻ മതത്തിൽ ചേർത്തു
ഉള്ളിൽ വിശ്വാസമുള്ളോർക്കു പള്ളിതീർത്തു പല ദിക്കിൽ
കള്ളമറ്റ ഭക്തന്മാരേ ഭരിപ്പാനാക്കി
ക്രിസ്താബ്ദമറുപത്തേഴുമൊത്ത  കാലത്തമ്മഹാത്മാ
വെത്തിനാൻ മയിലാപ്പൂരെന്നുള്ളൊരു ദിക്കിൽ
ഭിന്നിച്ചു ലോകരാ, ദ്ധത്യൻ ദുഷ്ടൻ കയ്യാൽ കുന്തമേറ്റു
"ചിന്നമല" തന്നിൽ വേദസാക്ഷിയായ്തീർന്നു

---

* പി.യു. ലൂക്കാസ് എഴുതിയത്.

ഇന്ത്യയിലെ ക്രിസ്ത്യജനം പിന്നെ മുന്നൂറോളമബ്ദം
സ്വന്തദേശ വൈദികരാൽ ഭരിക്കപ്പെട്ടു
ആണ്ടിവണ്ണം മൂന്നും നൂറും നാല്പത്തഞ്ചുമായ കാലം
വീണ്ടും ക്രിസ്ത്യജനങ്ങൾക്കൊരുണർച്ചയുണ്ടായ്
പരിചോടെ പൂർവ്വദിക്കിലുള്ള നല്ല സുറിയാനി-
പ്പരിഷയിലൊരു കൂട്ടമിവിടെ വന്നു.
ക്രിസ്തീയർക്കനനവധി സ്ഥാനമാനചിഹ്നങ്ങളു-
മതിവാഴും നൃപന്മാരിൽ നിന്നു വാങ്ങിച്ചു
പേർത്തും പതിനാറാം നൂറ്റാണ്ടവസാനത്തോളം സ്വന്ത-
റീത്തധ്യക്ഷന്മാരാൽ സഭ ഭരിക്കപ്പെട്ടു
അനന്തരമിഹ പോർത്തുഗീസുകാരുമെത്തി, യവ-
രനവധി പ്രയത്നങ്ങളനവധി ചെയ്തു.
സിറിയൻ ക്രിസ്ത്യാനികളെ ലത്തീനധ്യക്ഷന്മാരുടെ
ഭരണത്തിലാക്കി വച്ചു കാലദോഷത്താൽ
പിന്നെ പല വർഷമേവം സത്യക്രിസ്ത്യാനികൾക്കിങ്ങു
തന്നുടെ റീത്തധ്യക്ഷന്മാരില്ലായ്ക മൂലം
പിന്നെ ജനക്കൂട്ടം തന്നിൽ ഭിന്നത്വവും കുഴപ്പവും
വന്നായുണ്ടായൊരു ഭാഗം ശീശ്മ തന്നിലായ്
കഷ്ടം ശീശ്മ തന്നിലകപ്പെട്ട ക്രിസ്ത്യരൊട്ടുപേരാ-
നിഷ്ഠൂരമാമിടത്തുടിന്നടിമപ്പെട്ടു
സത്യവിശ്വാസം വിടാതെ പാർത്തു ശേഷമുള്ളജനം
നിത്യവുമെഴുത്തു കുത്തായ് റോമിലേയ്ക്കപ്പോൾ
സ്വന്തറീത്തു തന്നിലിഹ സജാതീയ മെത്രാന്മാരേ
അന്തരായ മകന്നിങ്ങു ലഭിപ്പാനായി
ഇടവിടാതയച്ചുള്ളോരപേക്ഷയാൽ ദയപൂണ്ടാ-
നിടയൻ മാർപാപ്പാ ലേയോൻ പതിമൂന്നാമൻ
സുറിയാനിപ്പരിഷകളനുദിനം തന്നെയുള്ളിൽ
സ്മരിക്കേണമെന്നുറച്ചു ചെയ്തതുപോലെ,
ഒരായിരത്തെണ്ണൂറോടു തൊണ്ണൂറ്റാറും ചേർന്നവർഷേ
പാരിലേറ്റം പ്രസിദ്ധമാം മലങ്കരയ്ക്ക്
വേദശാസ്ത്രം ഗ്രഹിച്ചേറ്റം വിജ്ഞരായ സ്വദേശ്യരാം
വൈദികന്മാർ മൂന്നുപേരെ ശ്രേഷ്ഠരായേകി
ഡെലിഗെറ്റപ്പസ്തോലിക്കാ മോൺസിഞ്ഞോർ
സലേസ്കി മെത്രാ-
പ്പോലീത്താ തിരുമേനിയാൽ കാൻഡിയിൽ വച്ച്
പ്രസ്തുത വർഷേ തുലാത്തിരുപത്തഞ്ചാം തീയതി
മെത്രാസ്ഥാനം നൽകി മോദാലയ്ക്കപ്പെട്ടു.
അന്നുമെത്രാസ്ഥാനമേറ്റു വന്ന മൂന്നു വന്ദ്യന്മാരുടെ
ധന്യമാം ചരിത്രമല്പം പറഞ്ഞീടുന്നേൻ
വഞ്ചിരാജ്യമതിലേറ്റം പുകഴ്ന്നൊരു കൈപ്പുഴ

തഞ്ചിടും വിശുദ്ധ ജോർജിൻ പള്ളിയിൽച്ചേർന്ന,
കീർത്തിയെഴും മാക്കീലെന്ന കുടുംബത്തിൽപ്പെട്ട ഡോക്ടർ
മാത്യു മെത്രാൻ തിരുമേനി ഭാഗ്യമോടിപ്പോൾ,
ചങ്ങനാശ്ശേരിയാം നല്ല മിസമതിന്നീശനായി
മംഗളങ്ങൾ തിങ്ങിവിങ്ങി വിളങ്ങിടുന്നു
തെളിവാർന്ന ധർമ്മരാജ്യേ പുളിങ്കുന്നു കോവിൽച്ചേർന്നു
വിളങ്ങുന്ന പഴേപറമ്പെന്ന ഗൃഹത്തിൽ
പിറന്ന ഭാഗ്യവാൻ ഡോക്ടർ ളൂയിസ് മെത്രാൻ തിരുമേനി
എറണാകുളാഖ്യമിസമതിന്നീശനായ്
മാടരാജ്യേ വിളങ്ങീടും ഞാറയ്ക്കൽ പള്ളിയിൽച്ചേർന്ന
മോടി കൂടും മേനാച്ചേരി നിലയേ ജാതൻ,
വിശ്വരമ്യശീലൻ ഡോക്ടർ യോഹന്നാഖ്യനായ മെത്രാൻ
ത്രിശ്ശൂരെന്ന മിസ്സമതിന്നധിപനായി
മുന്നമീപ്പറഞ്ഞ ധന്യൻ തെക്കുംഭാഗസമുദായം
തന്നിലുള്ളോരംഗമാണെന്നറിഞ്ഞീടേണം
പാരാതെ പിന്നെപ്പറഞ്ഞു രണ്ടുപേരു മൗത്തരാഹ-
ന്മാരാം സമുദായക്കാരിൽച്ചേർന്നവരല്ലോ
പ്രാജ്ഞരാമീ മൂന്നുപേരും സത്യദൈവം കൊടുത്തുള്ളോ-
രാജ്ഞയോടും സത്യസഭ ഭരിച്ചീടുന്നു.
ഹന്ത! ദൈവ കൃപമൂലം പന്തീരാണ്ടിൽപ്പരമിവ-
രന്തമറ്റിപ്പോൾ സഭ ഭരിച്ചുവല്ലോ
ഇപ്രകാരം നൂറുവർഷമിബ്ഭരണം ചെയ്തു സുഖം
കെൽപ്പോടിവർ വാഴ്‌വാൻ ദൈവം വരം നൽകേണം.

# വെച്ചൂവലിപ്പാട്ട്

മെത്രാന്മാർ മൂവർക്കും ദീർഘായുസ്സേകുവാ-
നത്ര ദൈവത്തെ സ്തുതിക്കേണമേവരും
മാക്കീൽ മെത്രാൻ മഹാമാന്യ ഗുണാംബുധി
ഭാഗ്യമോടെത്തിഹനിത്യം ജയിക്കണം
ളൂയീസ്സുമെത്രാൻ മതിമാൻ ബഹുമാന്യ-
നായി സുഖം ഭൂവി നിത്യം ജയിക്കണം
യോഹന്നാൻ മെത്രാനാം സൽസാരവാരിധി
മോഹന ശോഭയോടൊത്തു ജയിക്കണം
ഈസ്റ്റിൻഡ്യാ ഡെലിഗെറ്റപ്പസ്തോലിക്കാമേ-
ലേറ്റം സ്ഥാനങ്ങളാർന്നെന്നും ജയിക്കണം
ആദികാലം മുതൽക്കൊട്ടുനാൾ നമ്മളേ
ആദരവോടെ ഭരിച്ച സിംഹാസനേ,
പാർത്തു വാണിടുന്ന ബാബേൽ കത്തോലിക്കാ-

പ്പാത്രിയർക്കീസെന്നുമേറ്റം ജയിക്കണം
ഈ പാരിലേക സഭാധ്യക്ഷനാം ശുദ്ധ-
മാർപ്പാപ്പാ മംഗല്യമാർന്നു വാണീടണം
ശ്രീ വഞ്ചിരാജ്യം ഭരിച്ചു സുഖത്തോടു-
മേവഞ്ചിരം മൂലഭൂമിപൻ വാഴണം
ഏഴാമനെഡ്വർഡ് മഹാരാജശേഖരൻ
കേഴാതെ നൂറ്റാണ്ടു പാരാങ്ങു വാഴണം
സർവ്വജയങ്ങളുമാർന്നുകൊണ്ടുർവിയിൽ
സർവ്വസിറിയൻ ക്രിസ്ത്യാനികൾ വാഴണം
ഭംഗിയോടായവർക്കൊക്കെയും നിത്യവും
ഭംഗമെന്യേ ഭവിച്ചീടണം മംഗളം.

## 2 വട്ടക്കളത്തിൽ യൗസേപ്പു മല്പാനച്ചനെക്കുറിച്ച്

അംബരഭൂതലം സർവ്വമിമ്പമോടെ സൃഷ്ടിചെയ്ത
തമ്പുരാനിന്നടിയനേത്തുണച്ചീടേണം
ശ്രേഷ്ഠനായോരു ഗുരുവിൻ കോട്ടമറ്റ ചരിതത്തെ
തുഷ്ടിയോടൊന്നുരയ്ക്കുന്നു കേൾക്കണം ലോകർ
കീർത്തിപെട്ട കുമരക ദേശമതിൽ ചേർന്നിടുന്ന
കീർത്തിപൊങ്ങും വട്ടകളമെന്ന ഗേഹത്തിൽ
കൊല്ലം തൊള്ളായിരത്തോടു തൊണ്ണൂറ്റൊന്നു ചേർന്നകാലം
നല്ലമാസം മേടമതിലാദിയിൽ ജാതൻ
കോമളനാം ശിശുവായ കുരുവിളയവുസേപ്പും
ഓമനയായ് കുടുംബത്തിൽ വളർത്തപ്പെട്ടു
നാട്ടുഭാഷാപഠനത്തെ വേണ്ടുവോളം തികച്ചിട്ടു
പട്ടത്തിന്നു പഠിക്കുവാനൊരുമ്പെട്ടു താൻ
അടുക്കെ വടക്കുംകരപ്പള്ളിയിലെ ഗുരുവിങ്കൽ
സുറിയാനി പഠിച്ചുകൊണ്ടിരിക്കും കാലം
തത്രനിന്നു വടയാറ്റു സിമ്മനാരിൽ ചേർന്നു പഠി-
ച്ചദ്വിതീയനായശേഷം നിറുത്തി വിദ്യ
ഇരുപത്തുനാലാമത്തെ വയസ്സിങ്കൽ ഗുരുപ്പട്ടം
പരിചോടെയേറ്റുതാനും ദൈവനിയോഗാൽ
വാട്ടമെന്യേ നവപൂജ അന്നുതന്നിടവകയാം
കോട്ടയകത്തിടയ്ക്കാട്ടു പള്ളിയിൽവെച്ച്
ഘോഷമോടെ കഴിച്ചുകൊണ്ടിടവക ഭരണങ്ങൾ
ശേഷിപോലെ പലേടത്തു നടത്തിക്രമാൽ
ഇങ്ങനെ നാൾ കുറഞ്ഞൊന്നു കഴിഞ്ഞപ്പോൾ

സ്വന്തദേശേ ഭംഗിയായിട്ടൊരു പള്ളി ചമച്ചീടുവാൻ
ഒത്തുതാൻ ചെറുശ്ശേരി, പുതിയെടം കുടുംബത്തോടു
പാർത്തിടാതെ ഭംഗിയായി പള്ളിയും തീർത്തു
സ്വന്തപള്ളി വികാരിത്വമേറ്റുതാൻ ഭരിച്ചിടുമ്പോൾ
അന്തരിച്ചു പുതിയെടത്തച്ഛനുമന്ന്
ഇഷ്ടമിത്രമായിരുന്നീ വൈദികന്റെ മരണത്തി-
ലൊട്ടു ദു:ഖമേറ്റു താനുമാദ്യകാലത്തിൽ
വരാപ്പുഴ, കുമരകം, പുന്നത്ര, കടുത്തുരുത്തി,
കറത്തേടം, കണ്ണങ്കരയെന്ന പള്ളികൾ
വന്ദ്യനാമീ വൈദികന്റെ ഭരണസ്ഥലങ്ങളായി
പിന്നെയുള്ള ചരിത്രങ്ങൾ പറഞ്ഞീടട്ടെ
കൊടുങ്ങല്ലൂർ, കൊച്ചിയെന്ന രൂപതയിൽ ഗോവർണ്ണദോർ
ശ്രേഷ്ഠനായ കാസ്മീർ ക്രിസ്തോം നസറേത്തുതൻ
കല്പനയാലായിരത്തെണ്ണൂറ്റെഴുപത്തെട്ടു തന്നിൽ
കെല്പോടെ വീണ്ടും തുടങ്ങി ആലുവാക്കോളേജ്
നമ്മുടെ വൈദികനന്നു തന്റെ വംശം കുട്ടികളെ
സിമ്മനാരിൽ പഠിപ്പിക്കാൻ ചേർത്തു വേഗേന
അന്നുതാനുമവിടത്തെ സുറിയാനി മല്പാനായി
ച്ചേർന്നുകൊണ്ടു ഭംഗിയോടെ നടത്തിജോലി
മുൻപറഞ്ഞ ക്രൈസ്തവാബ്ദമതിൽ തന്റെ ശിഷ്യരേത്താൻ
അൻപിനോടെ ഗോവതന്നിൽ കൊണ്ടുപോയന്ന്*
തത്രചെന്നു ശുദ്ധശൌര്യാർ തിരുമെയ്മുത്തിയും കൊണ്ട്
പാർത്തിടാതെ, തന്റെകൂടെപ്പോയവർക്കുതാൻ
ആയിരേസ്സഭിധാനിയാമവിടത്തെ മെത്രാപ്പോലീ-
ത്താ്യെക്കൊണ്ടു കൊടുപ്പിച്ചു പട്ടവും മോദാൽ
ഗോവവിട്ടു വന്നു വീണ്ടും സിമ്മനാരി ജോലിയേറ്റു
കേൾവിയോടെ രണ്ടുകൊല്ലം നടത്തി, പിന്നെ
ജോലിവിട്ടു, പകരമായ് പള്ളിക്കുന്നേലുതുപ്പച്ചൻ
ജോലിയേറ്റു ക്രമത്തോടെ നടത്തിവന്നു
നമ്മുടെ കഥാനായകൻ വീണ്ടും വന്നു കണ്ണങ്കരെ

---

* ഇവർ 1878-ൽ വി.ശൌര്യാർ പുണ്യവാളന്റെ തിരുനാളിന്റെ തലേദിവസമായ ഡിസംബർ 2-ാം തീയതിയാണ് ഗോവയിലെത്തിയത്. പ്രസ്തുതമാസം 15-ാം തീയതി ഞായറാഴ്ച ഇവർക്കു പട്ടം കിട്ടി. പിന്നീട് പട്ടക്കാരായിത്തീർന്ന ഇവർ കടുത്തുരുത്തിയിൽ ആക്കാമ്പറമ്പിൽ ബഹു.മത്തായി കത്തനാരും മാഞ്ഞൂർ കട്ടപ്പുത്ത് ബഹു.യാക്കോബ് കത്തനാരും കണ്ണങ്കര കൂപ്ളിക്കാട്ടു പെ.ബഹു. തോമ്മാ കത്തനാരും കുമരകം വട്ടക്കളത്തിൽ ബഹു. മത്തായി കത്തനാരും കടുത്തുരുത്തിൽ കുന്നച്ചേരിൽ ബഹു. കുറിയാക്കോസ് കത്തനാരും തച്ചേട്ടു ബഹു.യൗസേപ്പു കത്തനാരുമാണ്.

ഒന്മയാലെ വികാരിത്തം നടത്തിടുന്നു
ഈ ഗഡുവിൽ ബ്രഹ്മമങ്ങലം സിമ്മനാരി സ്ഥാപനയ്ക്കു
ഭംഗിയിലുദ്യമിച്ചാദ്യമീഗുരുവരൻ
ഇക്കാര്യത്തിൽ വേണ്ടതൊക്കെ പള്ളിക്കുന്നേലച്ഛനുമായ്
തക്കപോലെയാലോചിച്ചു നടത്തി മോദാൽ
ക്രിസ്താബ്ദമായിരത്തെണ്ണൂറ്റെമ്പത്തെട്ടിൽ കോട്ടയകം
മെത്രാനച്ചൻ വന്നനാളിൽ ഭരണം വിട്ട്
വന്ദ്യവയോവൃദ്ധനാമീ വൈദികൻ താൻ സ്വന്തദേശേ
ചെന്നിരുന്നു മരണത്തിന്നാസ്ഥമായ് വന്നു
ആണ്ടതിങ്കൽ റോമായിലെയനുമതിയോടുകൂടി
രണ്ടുപേരെ വൈദികാഭ്യാസനത്തിനായ്
പ്രൊപ്പഗാന്ത സെമിനാരിയിലേയ്ക്കയയ്ക്കപ്പെട്ടതിലൊരാൾ
മേല്പറഞ്ഞ വൈദികന്റെ പിൻഗാമിയായ
മാത്യു വട്ടക്കളമെന്ന ശെമ്മാശനും രണ്ടാമാളാം
കീർത്തിപ്പെട്ട മാക്കീലൗസേപ്പു ശെമ്മാശുമാണ് *
യോഗ്യരായ രണ്ടു ശെമ്മാശന്മാരേയും താൻ ധൈര്യപൂർവ്വം
യോഗ്യതയാൽ യാത്രയാക്കി വാഴ്വുകൊടുത്തു
വൃദ്ധനാം വൈദികനന്നു രണ്ടു വിദ്യാർത്ഥികളെയും
മാത്യു മാക്കീലച്ചനെ താൻ ഭരമേല്പിച്ചു
വന്ദ്യനായ ഗുരുശ്രേഷ്ഠൻ രണ്ടുദു:ഖമവസാനം
നന്നായൊന്നനുഭവിച്ചു ഭാഗ്യദോഷത്താൽ
ഒരായിരമെണ്ണൂറ്റെൺപത്തൊമ്പത് കുംഭമാസത്തിൽ
പാരിലേറ്റം കീർത്തിയുള്ള കോട്ടയകത്ത്
മെത്രാനായി വന്നിരുന്ന ലെവീഞ്ഞെന്ന ദേഹത്തിന്റെ
മന്ത്രിയാം കൈപ്പുഴത്തറയിലൗസേപ്പച്ചനും

---

* കുമരകത്തു പുത്തൻപള്ളിയിടവക വട്ടക്കളത്തിൽ ബഹു: മത്തായി ശെമ്മാശനും കൈപ്പുഴപ്പള്ളി ഇടവക മാക്കീൽ ബഹു: യൗസേപ്പു ശെമ്മാശനും 1888 ഒക്ടോബർ 5-ാം തീയതി കുമരകത്തുനിന്നും യാത്ര തിരിച്ച് നവം. 22-ാം തീയതി റോമായിലെത്തുകയും അവിടുത്തെ പ്രൊപ്പഗാന്ത വക ഉർബാൻ കോളേജിൽ ഒൻപതു വർഷം ഫിലോസഫി, തിയോളജി മുതലായ ശാസ്ത്രങ്ങൾ പഠിച്ച് 1897 ഏപ്രിൽ 17-ാം തീയതി ദുഃഖശനിയാഴ്ച ദിവസം വി.യോഹന്നാന്റെ പ്രധാന ബസലിക്ക പള്ളിയിൽ വച്ച് അന്ന്, 13-ാം ലെയോ മാർപാപ്പായുടെ വികാരി ജനറാളായ എ. ഒ. പരോക്കി കർദ്ദിനാളിൽനിന്ന് കുർബാനപട്ടം ഏൽക്കുകയും പിറ്റെ ദിവസം നമ്മുടെ കർത്താവിന്റെ ഉയിർപ്പു തിരുനാളിൽ കൽദായ സുറിയാനി റീത്തിൽ പുത്തൻകുർബാന ചൊല്ലുകയും, അടുത്ത ഇടവമാസത്തിൽ റോമായിൽ നിന്നു പുറപ്പെട്ട് കർക്കിടകമാസത്തിൽ സ്വദേശത്തു വന്നു ചേരുകയും ചെയ്തു.

സ്വദേശിയും സ്നേഹിതനും പിന്നെ മെത്രാസനത്തിന്റെ
ബുദ്ധിയോടാലോചന ചെയ്യുന്നയാളുമായ് കീർത്തികൊണ്ട
ചെറുശ്ശേരിൽ ചുമ്മാർ കത്തനാരുതാനും
പാർത്തിടാതെ ഭാഗ്യമായി മരിച്ചതിനാൽ
തെക്കുംഭാഗക്കുലത്തിലെ വന്ദ്യനാമീക്കഥാനായൻ
തക്കഭക്തൻ, കൊന്ത, തിരുക്കുടുംബത്തിലും
ദൈവമാതാവിന്റെ നാമം സദാ താൻ സ്മരിച്ചുകൊണ്ടു
സർവ്വേശനെ ഭജിച്ചുകൊണ്ടിരിക്കും കാലം
അന്ത്യകാലം സമീപിച്ചു രോഗം വന്നു പിടിപ്പെട്ടു
അന്ത്യകൂദാശകളെല്ലാം ഭക്തിയാലേറ്റു
ഒരായിരമെണ്ണൂറോടു തൊണ്ണൂറ്റൊന്നു ചേർന്ന കാലം
സാരമായ മകരത്തിലെട്ടാം തീയതി
എഴുപത്തഞ്ചാം വയസ്സിൽ കുമരകം പള്ളിമേടേൽ
കഴിച്ചുതാൻ നിത്യാനന്ദ നിദ്ര നിത്യനിൽ
മരിച്ച പിറ്റെ ദിനത്തിൽ വന്ദ്യ ദിവ്യശ്രീമാനാം വി-
കാരി ജനറാളുമാക്കീലച്ചനാദിയാം *
ഒട്ടനേകം പട്ടക്കാരും മറ്റുപല പള്ളിക്കാരും
കൂട്ടമോടെ കുമരകത്തണഞ്ഞുകൊണ്ട്
സംസ്ക്കാരവും മുറപോലെ നടത്തി പിന്നെല്ലാവരും
ദുഃഖമോടി വൈദികനെ പിരിഞ്ഞുപോയി
നിത്യനായ സർവ്വേശ്വരൻ വന്ദ്യനാമീ വൈദികനും
നിത്യാനന്ദമരുളുമാറാകട്ടെ ആമ്മേൻ.

## മാത്തൂത്തരകനെക്കുറിച്ച്

(ഒരു പഴയഗ്രന്ഥത്തിൽ നിന്നെടുത്തത്)

ചൊല്ലണം നീ നല്ലവണ്ണം പഞ്ചവർണ്ണപൈങ്കിളിയേ
വെല്ലവും പാൽപഴം തേനും തരുവേൻ ഞാന്
വന്നിരിയെന്നരികത്തു സുന്ദരിയാം ശുമകൗലേ!
ചൊന്നിടേണം കുറഞ്ഞൊരു വാർത്തകളിപ്പോൾ
എന്നനേരം കിളിമകൾ വന്ദന ചെയ്തുടൻ ചൊല്ലി
എല്ലാവരും നല്ലപോലെ കേട്ടുകൊണ്ടാലും
പാർത്തലത്തിലെത്രയും പ്രസിദ്ധമായിട്ടൊരു ദേശം
കുത്തിയതോടെന്നദിക്കെന്നറിഞ്ഞു കൊൾവിൻ
ആ സ്ഥലത്തിലെത്രയും പ്രസമിദ്ധനായിട്ടൊരു മർത്ത്യൻ
കൊച്ചുമാത്തൂത്തരകനെന്നറിഞ്ഞു കൊൾവിൻ

* ഇദ്ദേഹം ഇപ്പോൾ ചങ്ങനാശ്ശേരി മിസത്തിന്റെ വികാരി അപ്പസ്തോലിക്കാ മെത്രാനാണ്.

പരിപൂർണ്ണൻ ബലവീര്യൻ മനുജരിൽ കൃപയുള്ളോൻ
പരിഷയെപ്രതി മോദം വളരെയുള്ളോൻ *
ബുദ്ധിയും ശക്തിയും വീര്യശൗര്യവും കാര്യബോധവും
ഇത്രയില്ലായിപ്പൊഴീപ്പരിഷയിലാർക്കും
വലഞ്ഞീടുന്നവർ ചൊന്നാൽ പറഞ്ഞീടുന്നതുപോലെ
എഴുന്നീടുന്നൊരു ചികൻമണി അയ്യാളും
എന്നതുതന്നെയുമല്ല ഒന്നുകൂടെ പറഞ്ഞീടാം
പൊന്നു തമ്പുരാനെ പ്രീതി വളരെയുള്ളോൻ
കുത്തകയെന്നുള്ളതു താൻ എത്രയും വലിയതാക്കി
ഉത്തമരീതി വരുത്തി വസിക്കും കാലം
കുത്തകയെടുപ്പതിന്നു മത്സരിച്ചു ജോനകരും
ഉത്സാഹിച്ചു വരുന്നിതു ജോനകവൃന്ദം
ഇക്കഥകൾ കേട്ടനേരം അപ്പൊഴേവീര്യവാൻ താനും
വ്യാഘ്രമെന്നപോലെ യാത്ര നേർത്തീടുവാനായ്
പൊന്നുതമ്പുരാന്റെ തിരുമുമ്പിൽ വീരപുരുഷനും
പൊന്നൊടുപട്ടൊടുപണമെടുത്തുംകൊണ്ട്
കാണിക്കയും വച്ചു മുമ്പിൽ പാണികൂപ്പിത്താണുമാറി
മാണിക്കക്കല്ലായ സ്വാമി അരുളിച്ചെയ്തു
ഉത്തരദിക്കിലെന്തൊരു വർത്തമാനം കൊച്ചുമാത്തു
പുത്തനായിട്ടില്ല സ്വാമി അറിയിപ്പാന്
കുത്തക എടുപ്പതിന്നു മത്സരിച്ചു ജോനകരും
ഉൽസാഹിച്ചു വരുന്നിതു ജോനകവൃന്ദം
രണ്ടുമൂന്നു വൽസരങ്ങൾ ഒന്നടിയനോടിവര്
കണ്ടീടണമെന്നുവെച്ചു തുടങ്ങീടുന്നു
എന്നുറച്ചു വന്നുവെങ്കിൽ ഒന്നുറച്ചു അടിയനും
ഒന്നുകണ്ടീടണമെന്നുറച്ചടിയനും
ഇത്തരങ്ങൾ കൊണ്ടുവന്നാൽ കുത്തക എടുപ്പതിന്ന്

---

* പ്രസിദ്ധനും തിരുവിതാംകൂർ മഹാരാജാവിൽനിന്നു വളരെ ബഹുമതികൾ പ്രാപിച്ചയാളും ഒരു കത്തോലിക്കാ സുറിയാനിക്കാരനുമായ മാത്തുത്തരകൻ സുറിയാനിക്കാർക്കു പൊതുവായും ഓരോ പള്ളിക്കാർക്കും ജനങ്ങൾക്കും തനിച്ചും വളരെ ഉപകാരം ചെയ്തിട്ടുള്ള ഒരാളാണ്. ഇദ്ദേഹത്തിന്റെ ജനനവും മരണവും എപ്പോഴെന്നു ഞങ്ങൾക്ക് അറിവില്ലെങ്കിലും 1800-ാം കാലംവരെ ജീവിച്ചിരുന്നതായി ചരിത്രംകൊണ്ടു കാണുന്നു. ഇദ്ദേഹം ആലങ്ങാട്ടുതാലൂക്കിൽ ചേർന്ന കുത്തിയതോട്ടിൽ തച്ചിൽ എന്ന കുടുംബത്തിൽ ഉൾപ്പെട്ട ആളാണ്. ഇദ്ദേഹം മിക്കവാറും ആലപ്പുഴ തത്തമ്പള്ളിയിലുള്ള തന്റെ സ്വന്തഭവനത്തിലാണ് താമസിച്ചിരുന്നത്. പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും കൂടി 1779-ൽ ആലപ്പുഴവച്ച് ഒരു പടിയോല എഴുതി ഒപ്പിട്ടതിൽ മാത്തുത്തരകനവർകളും ഉൾപ്പെട്ടിരുന്നതായി കാണപ്പെടുന്നു.

ഇത്തരകനോടു പോരാ ഇപ്പരിഷകൾ
ചൊല്ലെഴുന്ന വേണനാട്ടിൽ തമ്പുരാൻ കല്പിച്ചു നല്ല
പല്ലക്കും പാറാവും നല്ലപോണ്ടന്മാരേയും
പല്ലക്കിന്മേലേറി നടകൊള്ളത്തക്കപോലെയവർ
ചൊല്ലപ്പെട്ടോർ പലർ വളയിടുവിക്കുന്നു.
നിർമ്മലപ്പട്ടുടുത്തിട്ടങ്ങതിന്മീതെത്രയും നല്ല
നേർമ്മയിലുള്ളൊരു വസ്ത്രം വിതൃത്തു ചുററി
പൊൻകസവേൽ പണിയുള്ള നേരിയതങ്ങെടുത്തിട്ട്
ചന്തമോടെ വിതൃത്തങ്ങു തലയിൽകെട്ടി
കങ്കണങ്ങൾ കരത്തിന്റെ മുമ്പിൽ വീരചങ്ങലയും
പൊൻകാവുകൾ കരംതന്നിൽ ധരിച്ചുംകൊണ്ട്
ചങ്ങലവട്ടകളപ്പോൾ മുൻപിലങ്ങു പിടിപ്പിച്ചു
മംഗലസുന്ദരൻ വരവെന്തിതു ചൊല്ലാം
പശ്ചിമദിക്കതിലെങ്ങും മെച്ചമേറുന്നൊരു രാജ്യം
കൊച്ചിയെന്ന നഗരിയിൽ ചെന്നു താൻ പിന്നെ
കണ്ടനേരം വീര്യവാന്മാർ കൊണ്ടുചെന്നങ്ങിരുത്തീട്ടു
രണ്ടുകൈക്കും വളയവരിടുവിക്കുന്നു.
വിരവോടെയവരുമായ് അരനാഴികയിരുന്നു
വിരവോടെ നടകൊണ്ടങ്ങവിടെനിന്ന്
പുരിയതിൽ പുകൾപൊങ്ങും എതിരേ വരാപ്പുഴയിൽ
ചെന്നുവസിച്ചതിൻശേഷം മന്നവൻതാനും
വേദവാഴി കാര്യശീലനായ സിഞ്ഞോർ പാദിരിയും
യോഗമങ്ങു കൂടി നൽകി കനകക്കട്ടിൽ
കോലാഹലത്തോടുകൂടീട്ടാലങ്ങാട്ടു പോകുന്നേരം
തല്പരത്തിൽ ചെന്നിരുന്നു സുന്ദരൻ മാത്തൂത്തരകൻ
തൻചരിത്രങ്ങളോരോന്നു പറഞ്ഞുതാനും
ഇണയോടിക്കഥയെല്ലാം പറഞ്ഞുകൊണ്ടിതാ ശീഘ്രം
പറന്നു പൈങ്കിളിമകളിതാ പോകുന്നു.

## ബാലായുള്ള വട്ടക്കളി

ബാലായാലുള്ളൊരു മങ്കതാനമ്പോടെ
പാലിച്ചു മാതാ പിതാവുമായങ്ങനെ
കാലവും ആറേഴു വൽസരം ചെന്നപ്പോൾ
കല്പിക്കവേണമിവനൊരു പെങ്കൊടി
കാലത്തുടയവർ കൂടി നിരൂപിച്ചു
കാലമേതന്നെ നടന്നു തിരഞ്ഞപ്പോൾ
നല്ലൊരു ബാലനിവനെ തരമുണ്ട്
നമ്മുടെ പെങ്കൊടിക്കെന്നു നിനച്ചിട്ട്

ചെന്നവർ മങ്കതൻ വീട്ടിന്നകം പുക്ക്
ചേർച്ചയാൽ പെങ്കെട്ടുകാര്യം പേശുവാനായ്
അന്നവർ തമ്മിൽ പറഞ്ഞിതു കാര്യങ്ങൾ
അങ്ങനെതന്നെയാകട്ടെയെന്നവർ ചൊല്ലി
എന്നാലതിന്നു പൊന്നെത്രമേൽ തന്നിടാം
എണ്ണൂറുമങ്ങിരുനൂറുമൊരുനൂറും
നിന്നൊരിടപ്പണത്തൂക്ക മക്കാഞ്ചനം
നിർണ്ണയിച്ചൊന്നു പറഞ്ഞിതു കാര്യങ്ങൾ
പൊന്നുംതള മണിമാലകൾ മോതിരം
പിന്നെ ഉരുളി വിളക്കു കോളാമ്പികൾ
എന്നല്ല ചേടിമാരെക്കൂടെ നല്കണം
എന്നിതുകേട്ടു പറഞ്ഞിതുകാരണം
ചൊന്നവയെല്ലാം തരുന്നുണ്ടു വൈകാതെ
പിന്നെയങ്ങുറ്റവരെല്ലാമൊരുമിച്ച്
പിഴയില്ലാതൊരു സത്യവും ചെയ്തിട്ട്
നല്ലൊരു നാളിൽ വരുന്നൊരു ഞായറാഴ്ചനാൾ
നമ്മുടെ പെൺകെട്ട് എന്നവർ കല്പിച്ചു
എല്ലാവരോടും കുറിയാലറിയിച്ചു
എത്തിയവർ ശനി അന്തിവെളുത്തപ്പോൾ
എല്ലാരുമൊരുമിച്ചു ഘോഷിച്ചിട്ടർങ്ങനെ
എണ്ണമില്ലാതോളം വന്നു നിറഞ്ഞിട്ട്
അമ്പൊടു കന്നിയും കന്നിതാൻ ബാലരും
മുമ്പിനാൽ വേണ്ടുന്നതെല്ലാം ചമച്ചിട്ട്
നല്ലൊരു മാല കടകങ്ങൾ മോതിരം
നന്മയേറും മാണിക്കാതില മോതിരം
അല്ലികൾ ചിന്തി വിളങ്ങുന്ന പൊൻമുടി
അയ്യഞ്ചു പത്തിലും പൊന്മോതിരങ്ങളും
ഭംഗിയേറുന്നൊരു പൊന്നരഞ്ഞാണവും
എന്നിവയെല്ലാമലങ്കരിച്ചിട്ടുടൻ
മഞ്ഞപ്പളുങ്കിനാൽ നിറമൊത്ത കാഞ്ചനം
വെണ്മയിൽ വേഗമണിഞ്ഞിതു നാരിമാർ
വില്ലുസിന്മേൽ പൊതിഞ്ഞുള്ള കസവാലെ
മികവുള്ള കുപ്പായമിട്ടു പുരുഷനും
ആനന്ദത്തോടെ ചമഞ്ഞാരിരുവരും
ആനക്കഴുത്തേറി ബാലപ്പുരുഷനും
മേനിക്കു നല്ല വിളക്കു പിടിപ്പിച്ച്
വേണ്ടുന്ന വാദ്യങ്ങളൊക്കെ മുഴക്കിച്ചു
പിന്നിൽ മുത്തുക്കുട ചൂടിച്ചതന്നേരം
മാനിച്ചു വെഞ്ചാമരയാലവട്ടവും
താളത്തിൽ വീശിച്ചു ഘോഷത്തോടങ്ങനെ

ആർത്തുനടനട ചൊല്ലി നടന്നുടൻ
ആനന്ദപ്പെൺകൊടിമാർകൾ കുരവയും
ഒത്തുനടന്നവർ പിന്നിലകമ്പടി
അങ്ങനെ ചെന്നവർ പള്ളിയണഞ്ഞപ്പോൾ
ആനമേൽ നിന്നിറങ്ങിയകം പുക്ക്
തിങ്ങിനിറഞ്ഞുടൻ പള്ളിയകംപുക്ക്
തെറവിയമങ്കയും ബാലനുമൊന്നിച്ച്
തങ്ങടെയുറ്റവർ ചുറ്റിലരികത്ത്
അന്നേരം വന്നു പട്ടക്കാർ കൂദാശയ്ക്കായ്
മംഗലമായൊരു മൊഴികളരുളീട്ട്
മംഗല്യകർമ്മം കഴിച്ചിതു വേഗത്തിൽ
പുത്തൻപൂമാനം പുതിയൊരു മങ്കയും
ബുദ്ധിതെളിഞ്ഞീശോ തന്നെയും കുമ്പിട്ട്
എത്തിയ ലോകരും തങ്ങളുമായിട്ട്
ആനന്ദത്തോടെ തിരിച്ചവർ വീട്ടീന്ന്
പെരുവഴിതന്നിൽ നടനട ചൊല്ലുന്നു
അമ്പുള്ള നാരിമാർ കുരവധ്വനികളും
ആർത്തുകളിച്ചതിൻ മുന്നതിലേറ്റമായ്
തിങ്ങിമുഴങ്ങിയെഴുന്ന കോലാഹലം
എങ്ങനെയെന്നു പറയാവതല്ലേതും
ഘോഷത്തോടെവന്നു പന്തല്ക്കകം പുക്ക്
ചേലുറ്റമങ്കേയും തന്നേയുമൊരുമിച്ച്
അമ്പോടെ നല്ല മണർക്കോലത്തേലേറ്റി
ബന്ധുക്കൾ താനും ഇണങ്ങരുടയോരും
വേണ്ടും ജനങ്ങളും മെല്ലേയിരുന്നുടൻ
ചന്തത്തിലമ്പോടു പാടിത്തുടങ്ങിനാർ
ചേലുറ്റ കല്യാണഘോഷം വളർത്തുവാൻ

## ഒരുപദേശം (വട്ടക്കളി)

ആലാഹാനായനുമൻപൻ മിശിഹായും
റൂഹാദക്കുദിശായും മൂവരൊരുവന്റെ
അരുളാലെ ഞാനിന്നറിഞ്ഞതു ചൊല്ലട്ടെ
കുഞ്ഞിലങ്ങപ്പനുമമ്മയും മക്കൾക്ക്
ചൊല്ലും ഗുണദോഷം നല്ല വഴിപോലെ
ഒന്നും മറക്കാതെ മക്കളിരിക്കണം
നന്മ വരേണമെന്നോർത്തിടേണം നിങ്ങൾ
നല്ല ജനങ്ങളോടു നൽ വചനം കേൾക്കണം

ദോഷമകറ്റിടുവാനുള്ള വചനങ്ങളെ
സത്യവും ഭക്തിയിലും ഈശോയെന്നെപ്പോഴും
ഏഴായ ചാവുദോഷംശേഷം പിഴകളെല്ലാം
അറുപതു നാഴികയിൽ ഒരു മൂന്നു നാളികയും
ആദി മനസ്സിലുണ്ടായിട്ടാവോളം തേറിടണം
അൻപരിലമ്പനോടും തന്റെ മാതാവിനോടും
വീഴ്ച വരാതെയുള്ള സ്തോത്രം മനസ്സിൽ വേണം
മാനുഷരായവർക്കു നന്മ വരുവാനായി
ഭർത്താവും ഭാര്യയുമായുറ്റു സ്തുതിച്ചിരിക്ക
മംഗല്യമായിരിക്കും മംഗലമായി വരും
അൻപനുൾ വഴിയെ ആകാശമോക്ഷം കിട്ടും
തമ്പുരാനെ ശരണം കന്നിയുമ്മാ ശരണം.

# വാടിമാനം (വട്ടക്കളി)

വാടിമാനം മകൊ തേവരിലവർ കണ്ട ക്നാവോ
ഓമനവതിയെ കാണ്മാൻ വഴിതേടി നടന്നു ഞാൻ
കടൽ തന്നിലിരുന്നു ഞാൻ തരുതായ്ക്കളുയർന്നു
കടുക വന്നടിയാരെ കരക്കൊൾക തമ്പുരാൻ
മുടി ചൂടും രാജിതം തിരുവുള്ളമേറ്റു
മുതൃച്ചയാൽ കൊടുങ്ങല്ലൂർ നഗരം കണ്ടുയർന്നു
തേടി വന്നു തിരുമെയ്യെയിതായെന്റെ തമ്പുരാൻ
വെളിച്ചപ്പെട്ടടിയാരെ കരകൊൾക തമ്പുരാൻ
അളവാലെ നിലം കൊണ്ടതറിയിപ്പാൻ വരുന്നേൻ
കൊടികെട്ടി അറിയിച്ചു അടിസ്ഥാനം പണിവാൻ
അൻപിനോടെ മാർത്തോമ്മാൻ പള്ളിയൊന്നു ചമച്ച്
കടുകപ്പൊയടിസ്ഥാനം പടുത്തു കല്ലുയർത്തി
കാരണമായ നിലവും പരിശോടെ നിരത്തി
കിടങ്ങും ഗോപുരം നാലുമതിലും മാളികയും
ചേരകോൻ പദവികൾ എഴുപത്തിരണ്ടല്ലോ
വെടി കൊട്ടുകുഴൽ ചിഹ്നം മുരശു മദ്ദളവും
തകിൽ പറകൊട്ടിച്ചു കുത്തുവിളക്കും പാവാടയും
അടപ്പിച്ചാൽ തുറപ്പിച്ചാൽ കിഴക്കു ഗോപുരും നാലും
വരും വൻപർ തരുതായ്ക്കൾ ജനം തമ്മിൽ പിശകി
വടക്കുഗോപുരം തൊട്ടു തെക്കുഭാഗം നഗരി
നാന്നൂറു കുടിയുണ്ട് വിരിഭങ്ങൾ അതില്
കിരിയങ്ങൾ എഴുപത്തി രണ്ടല്ലോ താവഴി
നഗരി കിനാനന്നു മതിലും മാളിക പൊന്നാലെ.

# എട്ടുത്തിര വട്ടക്കളി

എട്ടുദിശയും വിളങ്ങിന മാർത്തോമ്മാൻ
അരുൾപെറ്റ മാന്യ മണവാളപ്പിള്ള താൻ
ഏറ്റമരുൾപ്പെറ്റ കന്നിതാൻ വാഴ്വെല്ലാം
മണവാട്ടി തന്നുടെ തോഴിയുമായിട്ട്
പൊന്നും മുടിയും മുടിക്കീഴാഭരണവും
മറ്റു കൈമോതിരമൊക്കെയണിന്തപോൽ
പേർ പെറ്റമങ്ക കഴുത്തേലോരോതരം
പണിപ്പൊൻ കൊണ്ടൊക്കെയലങ്കാരമായിട്ട്
പൊക്കമെഴകിയ സിംഹാസനത്തിന്മേൽ
ശിങ്കാരത്താലെയിരിക്കും പദവികൾ
പെൺമണിക്കാർ കുഴൽ പൊൻമുടിയും പൊന്നും
പൂവാലണിന്തൊരു നെറ്റിപ്പട്ടം ചാർത്തി
ആദിത്യനെപ്പോൽ വിളങ്ങും മണവാളൻ
തന്നരികത്തൊരുതിങ്കളുദിച്ചപോൽ
ആക്കമില്ലാർക്കും കൊടുപ്പവനെ നിന്റെ
കന്യകൾ രണ്ടിനെ കാത്തു കൊള്ളണമെ
കുത്തിയുടുത്താപ്പുതപ്പട്ടതിൽ മീതെ
വടിവോടു പൂശുന്നു കളഭം കസ്തൂരികൾ
ഭൂവനമിതെല്ലാം വിളങ്ങുമിത്തോഴന്മാർ
കുത്തുകുഴനാലും വെച്ച പൊന്നും പൂവും
പത്തു വിരല്ക്കും നിരന്തപൊന്മോതിരം
പാലുപോൽ തങ്കം വിളങ്ങും തലുവവും
പത്തുമിരുപത് തരുണികളകമ്പടി
പാട്ടും കുരവയലങ്കാരത്തോടായി
എത്തിനാർ പന്തലിൽ മെല്ലെ മെല്ലെ ചെന്ന്
വെച്ച പെരുന്തിരിയൊക്കെ ജ്വലിപ്പിച്ച്
പന്തലകത്തങ്ങു പുക്കവരെല്ലാരും.

# മറിയന്നിരീസായുടെ സ്തുതിപ്പ്

(വട്ടക്കളി)

ആദികാരണനേകൻ തന്നെ സ്തുതിച്ചുകൊണ്ടു
ആദിപുരാണങ്ങളിലുള്ളൊരു വേദവാർത്ത
ഇസ്രായേൽ നന്ദനന്മാർ ചെങ്കടൽ കടന്നുടൻ
ഉന്നതനായ ദൈവം തന്നെ സ്തുതിച്ചുപാടി

അന്നവർ നാരിമാരും സംഗീത വാദ്യങ്ങളാൽ
എന്നതിലൊട്ടു ഞങ്ങൾ പാടി സ്തുതിച്ചിടുന്ന
മൂശയും ഞങ്ങളും വാരിധി മാർഗ്ഗമായി
ഈശനാൽ കടത്തിയൊരത്ഭുതമോർത്തീവണ്ണം
കർത്താവേ പുകഴ്ത്തി ഞാൻ പാടുവതെന്തുകൊണ്ട്
എത്രയും മഹത്വത്താൽ ശക്തി പെട്ടിരിക്കുന്ന
അശ്വവും അതിലേറി ഇരുന്ന ജനങ്ങളും
ആശ്രിതവാത്സല്യനാൽ സിന്ധുവിൽ കിടക്കുന്ന
ബലങ്ങളിനിക്കുള്ള സ്തോത്രവും കർത്താവുതാൻ
പാലന മീനിക്കവനെന്നുടെ ദൈവം തന്നെ
എന്നതുകൊണ്ടിട്ടീശനാലയം ചമക്കും ഞാൻ
എൻപിതാവെന്നുടെയും ദൈവത്തെ പുകഴ്ത്തുന്നു.
വീഴ്ചകളില്ലാതുള്ള യോസാവാം പരാപരൻ
വീഴിച്ചു പറഓവിൻ സേനകളെ സമുദ്രേ
ചൊല്ലുള്ള സേനാപതിമാരെയും സർവ്വേശ്വരൻ
ഇല്ലാതെയാക്കുവാനായ് ചെങ്കടൽ മദ്ധ്യേതാഴ്ത്തി
ശക്തിയും മഹത്വമാം നിൻതിരു കരത്താലെ
ശത്രുവെ ഭഞ്ജനം ചെയ്തനാദ്യൻ ഗുണനിധി
നിനക്കു വിരോധമായെതൃത്തു പുറപ്പെട്ട
മനുഷ്യഗണത്തെ നീ തള്ളി നിൻമഹത്വത്താൽ
കൊല്ലുവാനനുഗാമ്യ സേനയും രഥങ്ങളും
സ്വർലോകനാഥനുടെ കോപത്താലടിപെട്ടു
നിൻതിരുശ്വാസത്താലെ വെള്ളങ്ങളൊരുമ്പെട്ട
സിന്ധുചാഞ്ചല്യമില്ലാതാഴങ്ങളുറച്ചതിൽ
വധിച്ചു കവർച്ചകൾ ചെയ്തവതിനൊരുമ്പെട്ട
ഘാതകന്മാരായുള്ള സേനകളനവധി,
വാളാലെ പുറപ്പെട്ട ഘോരമാം വൈരികളെ
ഓളത്താൽ സംഹരിച്ചു സത്യനാം സർവ്വ പ്രഭു.
കർത്താവിൻ തുല്യനായ ദേവന്മാർ മറ്റാരുള്ളൂ
ശുദ്ധിമഹത്വമേറ്റം സ്തുതിക്കും യോഗ്യമുള്ള
നിന്തിരുവടി നാമം ഭയങ്ങളെല്ലാവർക്കും
ക്ഷോണിയിലവർകളെ വിഴുങ്ങിക്കൊൾവാൻ നിന്റെ
പാണികളവർക്കായി വിസ്മയനാഥൻ നീട്ടി
വിഷ്ട പത്രയനാഥൻ വീണ്ടെടുത്തുള്ള ജനം
ഇഷ്ടത്താൽ ശുദ്ധപുരിവസിപ്പാൻ ഗമിച്ചു
പ്ലസ്തിയ ദേശത്തുള്ള പൌരന്മാരശേഷവും
ഇളക്കം തട്ടിമഹാഭയത്താലെ ഭയന്നു വിറച്ചിടും
കനാനെന്നുള്ള ദേശത്തുള്ളൊരു ജനമെല്ലാം
മനസ്സിൽ ഭയപ്പെട്ടു സംഭ്രമ ഭീതികളാൽ
ഭക്തരാം തവജനം കടക്കുമതുവരെ

കത്തൃവല്ലഭത്വത്താൽ കല്ലുപോലുറപ്പിച്ചു.
ജനത്തെ പ്രവേശിപിച്ചങ്ങേക്കു വസിപ്പതിൻ
സ്ഥാനമാം നിനക്കുള്ള സംബന്ധ ശൈലം തന്നിൽ
കർത്താവേ! തവകരം സ്ഥാപിച്ച സ്ഥലം തന്നിൽ
കീർത്തിയാൽ സ്ഥാപിച്ചവൻ രാജാവായ് നിത്യംവാഴും
വൈരികശ്വരഥം പ്രാപിച്ചൊരബ്ധസ്ധിമദ്ധ്യേ
തിരകളവർകളെ മൂടുവാൻ വിധിച്ചുടൻ
ജയിപ്പിച്ചിസറായേൽ നന്ദനന്മാരെ ദൈവം
അയച്ചിതർണ്ണപത്തിൻ തുകർന്നു ഭൂമാർഗ്ഗമായ്
ആചാര്യ സഹോദരി മറ്റുള്ള നാരിമാരും
ആചാരസംഗീതങ്ങൾ തപ്പുകളോടുംകൂടി.